തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# പതിമൂന്നാമത് ഗവേഷണസഭ യോഗതീരുമാനങ്ങൾ

**2019 മാർച്ച് 1, രാവിലെ 10.30**
**അക്ഷരം കാമ്പസ്, തിരൂർ**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്)
3. ഡോ. സി.എം. നീലകണ്ഠൻ
4. ഡോ. ജലജ വർമ്മ
5. ഡോ. സി. അച്ച്യുതനുണ്ണി
6. ഡോ. കെ. കർണമഹാരാജൻ
7. ഡോ. എം.ആർ. രാഘവവാരിയർ
8. ഡോ. എം. ശ്രീനാഥൻ
9. ഡോ. കെ.എം. ഭരതൻ

## യോഗനടപടികളും തീരുമാനങ്ങളും

വൈസ് ചാൻസലറുടെ ആമുഖഭാഷണത്തോടെ കൃത്യസമയത്ത് യോഗം ആരംഭിച്ചു. യോഗത്തിൽ വൈസ് ചാൻസലർ അദ്ധ്യക്ഷത വഹിച്ചു.

ഇനം **1/13**

**പി.എച്ച്.ഡി ബിരുദ ചട്ടങ്ങളിലും നിബന്ധനകളിലും മാറ്റങ്ങൾ വരുത്തണമെന്ന് ആവശ്യപ്പെട്ട് എ.കെ.ആർ.എസ്.എ. സെക്രട്ടറി വിനീത് സമർപ്പിച്ച നിവേദനം പരിഗണിച്ച് തീരുമാനം എടുക്കുന്നത് സംബന്ധിച്ച്**

(225/2015/വി.സി.)

**തീരുമാനം 1/13**

വിദ്യാർത്ഥികളുടെ പരാതിയിലെ ഓരോ ഇനമായി ചർച്ച ചെയ്തു. വിശദമായ ചർച്ചയിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു.

**1. എ) ഗവേഷണകാലാവധിയെ സംബന്ധിച്ച്**

മലയാളസർവകലാശാലയിൽ വളരെക്കുറച്ചു ഗവേഷണ മാർഗദർശികൾ മാത്രം നിലവിലുള്ള സാഹചര്യത്തിൽ, വർഷങ്ങൾ നീട്ടികൊടുത്താൽ പിന്നീടുവരുന്ന പല ബാച്ചിലെ കുട്ടികൾക്കും പിഎച്ച്.ഡി.ക്ക് പ്രവേശനം നൽകാനാവാതെവരും

പിഎച്ച്.ഡി. അടിസ്ഥാനയോഗ്യതയായി മാറുന്ന സാഹചര്യത്തിൽ കാലാവധി നീട്ടുന്നത് ശരിയല്ല. ഈ സാഹചര്യത്തിൽ ഫെല്ലോഷിപ്പോടെ 3 വർഷവും അധികമായി ഒരു വർഷവും മാത്രം അനുവദിക്കാൻ തീരുമാനിച്ചു. അതായത് 3+1, 3+2 എന്ന ഘടന തന്നെ തുടരുന്നതാണ്. മുൻതീരുമാനം തുടരും.

ബി) സർവകലാശാല ഫെലോഷിപ്പോടെ ഗവേഷണം തുടരുന്നതിനിടെ ആദ്യത്തെ രണ്ടുവർഷത്തിനകം ജെ.ആർ.എഫ്. നേടുന്നവർക്ക് രണ്ടുതരം options നൽകുവാൻ തീരുമാനിച്ചു.

1. നിലവിലുള്ള പിഎച്ച്.ഡി. ചട്ടങ്ങളിലെ 4.4.1 സ്വീകരിക്കാം.

2. ഗവേഷണം ആരംഭിച്ച ശേഷം ജെ.ആർ.എഫ്. ലഭിക്കുകയാണെങ്കിൽ ഗവേഷകന്/ഗവേഷകക്ക് ജെ.ആർ.എഫ്. ഫെലോഷിപ്പിന്റെ പൂർണകാലാവധിയും ലഭ്യമാകണം എന്നാണെങ്കിൽ, നിലവിലുള്ള സർവകലാശാല ഫെലോഷിപ്പ് പ്രവേശനം സഹിതം റദ്ദു ചെയ്യപ്പെടും സർവകലാശാലയിൽ നിന്നും അതുവരെ ലഭിച്ച ഫെല്ലോഷിപ്പ് തുക പലിശ കൂടാതെ തിരിച്ചടക്കണം. ജെ.ആർ.എഫ്. വ്യവസ്ഥയിൽ പുതിയ പ്രവേശനം തേടണം. topic, guide ഇവ പഴയപടി തുടരും. പക്ഷേ, ജെ.ആർ.എഫ്. ലഭിച്ച തിയതി മുതലേ പ്രവേശനം നേടിയതായി കണക്കാക്കൂ. വാങ്ങിയ തുക പലിശ കൂടാതെ തിരിച്ചടയ്ക്കാം എന്ന undertaking നൽകിക്കൊണ്ടു മാത്രമേ പുതിയ ജെ.ആർ.എഫ്. പ്രവേശനത്തിലേക്കു മാറാൻ അനുവദിക്കൂ. പ്രവേശനം നേടി രണ്ടുവർഷത്തിന് ശേഷമാണ് ജെ.ആർ.എഫ്. ലഭിക്കുന്നതെങ്കിൽ ഈ അവസരം ലഭിക്കില്ല. അവരുടെ ഗവേഷണ കാലാവധി 4.4.1 പ്രകാരം പരമാവധി 5 വർഷമായിരിക്കും.

### 2. എം.ഫിൽ/പിഎച്ച്.ഡി. റിസർവേഷൻ സംബന്ധിച്ച്

ഈ ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്ന് യോഗം വിലയിരുത്തി. പ്രവേശനത്തിൽ സംവരണക്രമം ചട്ടങ്ങളിൽ ഉൾപ്പെടുത്തി പാലിക്കുന്ന തരത്തിൽത്തന്നെ സർവകലാശാല നേരത്തെ തീരുമാനമെടുത്തിരുന്നു.

### 3. എം.ഫിൽ/പിഎച്ച്.ഡി. അവധി സംബന്ധിച്ച്

വർഷത്തിൽ ഫെല്ലോഷിപ്പോടു കൂടിയ 90 അവധികൾ നൽകികൊണ്ട് മുൻ ഗവേഷണ കൗൺസിൽ എടുത്ത ഉദാരമായ തീരുമാനം വിലയിരുത്തുകയും അതു തുടരാൻ തീരുമാനിക്കുകയും ചെയ്തു.

### 4. ലൈബ്രറി സമയം ഉയർത്തുന്നത് സംബന്ധിച്ച്

വിദ്യാർത്ഥികളുടെ ആവശ്യം ചർച്ച ചെയ്തു. സർവകലാശാലയുടെ നിലവിലുള്ള ഭൗതിക - സാമ്പത്തിക സാഹചര്യം കണക്കിലെടുത്ത് ലൈബ്രറി സമയം ഇപ്പോഴുള്ളതുപോലെ തുടർന്നാൽ മതിയെന്ന് തീരുമാനിച്ചു.

### 5. പിഎച്ച്.ഡി. ഫീസ് ഉയർത്തിയ നടപടി

പിഎച്ച്.ഡി. ഗവേഷകരോട് നാലാംവർഷം മുതൽ ഗവേഷണഫീസോ ലൈബ്ര

റിഫീസോ വാങ്ങുന്നില്ല. അധിക കാലവധിക്ക് ഒരു സെമസ്റ്ററിലേക്ക് 1000 രൂപ വീതം മാത്രമാണ് വാങ്ങുന്നത്.

അധിക കാലാവധിക്കുശേഷം ഒറ്റത്തവണ ഫൈൻ ആയി നിശ്ചയിച്ചിരുന്ന തുക യിൽ കുറവ് വരുത്തി എം.ഫിൽ ഒറ്റത്തവണ ഫൈൻ 20,000 ത്തിൽ നിന്നും 10,000 രൂപയായും പിഎച്ച്.ഡി. 50,000 രൂപയിൽ നിന്നും 30,000 രൂപയായും കുറച്ച് നിശ്ചയിച്ചു.

**6. പിഎച്ച്.ഡി. ലാപ്ടോപ്പ് നൽകുന്നത് സംബന്ധിച്ച്**

സർക്കാർഫണ്ടിന്റെ ലഭ്യതയനുസരിച്ച് ലാപ്ടോപ്പ് നൽകുന്നതാണ്.

**7. ഗവേഷകരുടെ ഫെലോഷിപ്പ് ഉയർത്തൽ**

ജെ.ആർ.എഫ് ഫെല്ലോഷിപ്പുകളുടെ വർദ്ധന യു.ജി.സി.യിൽ നിന്നും നേരിട്ട് ഗവേഷകർക്ക് ലഭിക്കും. സർവകലാശാല ഫെല്ലോഷിപ്പ് നിലവിലെ വ്യവസ്ഥ യിൽ തുടരുന്നതാണ്.

8. സംസ്കാരപൈതൃകപഠനം, തദ്ദേശവികസനപഠനം, പരിസ്ഥിതിപഠനം, ചല ച്ചിത്രപഠനം എന്നീ കോഴ്സുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കു ന്നതിന് ആവശ്യമായ നടപടികൾ സർവകലാശാല സ്വീകരിച്ചിട്ടുണ്ട്.

**9. ഹോസ്റ്റൽ ഫീസ്**

നിലവിലുള്ള ഫീസ് തുടരാൻ തീരുമാനിച്ചു. കെട്ടിടങ്ങൾക്ക് വാർഷികവാടക വർദ്ധനവ് ഉണ്ടാവാറുണ്ടെങ്കിലും അതിനു അനുപാതികമായി ഹോസ്റ്റൽ ഫീസ് തൽക്കാലം ഉയർത്തേണ്ടതില്ല എന്നു തീരുമാനിച്ചു.

10. അക്കാദമിക് പ്രവർത്തനങ്ങൾക്ക് വകുപ്പ്തലത്തിൽ കഴിയുന്നത്ര ഫണ്ട് വകയിരുത്തുന്നതിന് 2019-20 ലെ ബജറ്റിൽ ശ്രദ്ധിക്കുന്നതായിരിക്കും.

11. തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം 2013 ലെ വ്യവ സ്ഥകളനുസരിച്ച് വിവിധ അധികാരസമിതികളിലെ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. അക്കാദമിക് കൗൺസിലിൽ വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെടുത്തണമെങ്കിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം 2013 ഭേദഗതി ചെയ്യണം. ഈ ആവശ്യം കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.

12. ഏകീകൃത ഗവേഷണനയം രൂപീകരണമെന്ന എ.കെ.ആർ.എസ്.എ.യുടെ അഭിപ്രായം സർക്കാർ തലത്തിൽ ഉന്നയിക്കുന്നതായിരിക്കും അഭികാമ്യമെന്ന് യോഗം വിലയിരുത്തി.

ഇനം **2/13**

### ഗവേഷണവിഷയം മാറുന്നത് സംബന്ധിച്ച് സാഹിത്യ പഠനം വിഭാഗത്തിലെ ഗവേഷക ആതിര എ.കെ. നൽകിയ അഭ്യർത്ഥന പരിഗണിക്കുന്നത് സംബന്ധിച്ച്

(765/എ1/2019/അക്കാദമികം)

**തീരുമാനം 2/13**

ഗവേഷണച്ചട്ടം അനുസരിച്ച് വിഷയമാറ്റത്തിനുള്ള ആറുമാസം കഴിഞ്ഞിരിക്കുന്നു. കോഴ്സ് വർക്ക് പരീക്ഷയുടെ മൂന്നാംപേപ്പർ പുതിയ വിഷയത്തിന്റെ പരിധിയിൽ വരുന്നതായി കാണുന്നില്ല.

ഗവേഷണച്ചട്ടം 6.4 അനുസരിച്ച് വിഷയമാറ്റത്തിന് അനുമതി നൽകുന്നു. പക്ഷേ പുതിയ വിഷയത്തിനനുസരിച്ച് പേപ്പർ-3 പരീക്ഷ പാസായിരിക്കണം.

ഇനം **3/13**

### ഗവേഷണമാർഗ്ഗദർശിയെ മാറ്റുന്നതുമായി ബന്ധപ്പെട്ട് സാഹിത്യപഠന വിഭാഗത്തിലെ ഗവേഷക ഫാത്തിമ ആർ.വി. നൽകിയ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്

(1918/2018/അക്കാദമികം)

**തീരുമാനം 3/13**

ശ്രീമതി ഫാത്തിമ ആർ.വി.യുടെ ഗവേഷണ മാർഗ്ഗദർശി ഡോ. രോഷ്നിസ്വപ്നയോട് ഫാക്കൽറ്റി ഡീൻ വിശദീകരണം തേടിയ ശേഷം ഫാക്കൽറ്റി കൗൺസിൽ ചേർന്ന് ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്.

ഇനം **4/13**

### ദീർഘകാല അവധി എടുക്കുന്നതിനായി സംസ്കാര പൈതൃകപഠന ഗവേഷക അശ്വതി ജി.വി. നൽകിയ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്.

(1394/2018/പിഎച്ച്ഡി അവധി/അക്കാദമികം)

**തീരുമാനം 4/13**

3.10.3 ചട്ടപ്രകാരം അവധി അനുവദിക്കാവുന്നതാണ്.

ഇനം **5/13**

### ഗവേഷണ പ്രബന്ധം സമർപിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകുന്നതിനായി ശ്രീ അബ്ദുൾ ജബ്ബാർ കെ. പി. സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്

(01/02/2018/പ.വി.)

**തീരുമാനം 5/13**

ശ്രീ അബ്ദുൾ ജബ്ബാർ കെ.യുടെ ആവശ്യം പരിഗണിച്ച് വകുപ്പ്തല കൗൺസിൽ പ്രബന്ധം സമർപിക്കുന്നതിന് ആറ് മാസം കൂടി നീട്ടികൊടുക്കാവുന്നതാണെന്ന ശുപാർശ ചെയ്തു. ഈ നടപടി ഗവേഷണകൗൺസിൽ അംഗീകരിക്കുകയും തുടർനടപടികൾക്ക് അനുമതി നൽകുകയും ചെയ്തു.

ഇനം
**6/13**

**മലയാളസർവകലാശാല മാധ്യമപഠനം ഫാക്കൽറ്റിയിലെ കൃപ കെ.പി, യദുനന്ദൻ എസ്.ആർ. എന്നിവരുടെ പ്രബന്ധങ്ങളുടെ ഇംഗ്ലീഷ് പതിപ്പ് സമർപ്പിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച**

**തീരുമാനം 6/13**

അനുമതി നൽകുന്നു.

ഇനം
**7/13**

**മറ്റ് കാര്യങ്ങൾ**

**തീരുമാനം 7/13**

മറ്റു വിഷയങ്ങൾ ചർച്ചയ്ക്കു വന്നില്ല.

യോഗം ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചർജ്ജ്